18352
21/8/17

# കേരള സർക്കാർ

## സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കൊല്ലം ജില്ല, ചാത്തന്നൂർ നാഷണൽ ഹൈവേയിൽ 06.08.2017-നുണ്ടായ വാഹനാപകടത്തിൽ മരണപ്പെട്ട തമിഴ്നാട്, തിരുനെൽവേലി, സെൽവമരുതൂർ സ്വദേശി മുരുഗന്റെ കുടുംബത്തിന് ധനസഹായം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (എം.എസ്.) നമ്പർ : **286/2017/റവ.** തിരുവനന്തപുരം, തീയതി, 19.08.2017.

==========================================

## ഉത്തരവ്

കൊല്ലം ജില്ല, ചാത്തന്നൂർ നാഷണൽ ഹൈവേയിൽ 06.08.2017-നുണ്ടായ വാഹനാപകടത്തിൽ തമിഴ്നാട്, തിരുനെൽവേലി, സെൽവമരുതൂർ സ്വദേശി മുരുഗൻ മരണപ്പെട്ടു. പരേതന്റെ ആറും നാലും വയസ്സ് പ്രായമുള്ള രണ്ട് കുട്ടികൾക്ക്, ഓരോ കുട്ടിയ്ക്കും അഞ്ച് ലക്ഷം രൂപ വീതം ആകെ പത്ത് ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. വിതരണത്തിനാവശ്യമായിവരുന്ന 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപ *"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T. P. 80 അക്കൗണ്ടിൽ നിന്നും തിരുവനന്തപുരം ജില്ലാകളക്ടർക്ക് വിതരണം ചെയ്യേണ്ടതാണ്.

3. പ്രസ്തുത തുക ഓരോ കുട്ടിയുടെ പേരിലും ദേശസാത്കൃത ബാങ്കിൽ സ്ഥിരനിക്ഷേപം ചെയ്യുന്നതിനും പലിശ കുട്ടികളുടെ മാതാവായ ശ്രീമതി. മുരുഗമ്മാളിന് (W/o Late Murugan, 66, Kannapiran Sannathi Street, Selvamaruthur, Tisayanvilai, Radhapuram, Tirunelveli, Tamil Nadu -627 657) ലഭിക്കത്തക്ക വിധത്തിലും പതിനെട്ട് വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് നിക്ഷേപം പിൻവലിച്ച് തുക കുട്ടികൾക്ക് ലഭിക്കുന്ന വിധത്തിൽ വ്യവസ്ഥ ചെയ്യുന്നതിനും തിരുനെൽവേലി ജില്ലാ കളക്ടറായി

കൂടിയാലോചിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി. എച്ച്. കുര്യൻ,
അഡീഷണൽ ചീഫ് സെക്രട്ടറി.

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, തിരുനെൽവേലി (ആമുഖ കത്ത് സഹിതം)

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindumol·K·N

സെക്ഷൻ ഓഫീസർ.